# സ്നേഹമില്ലായെങ്കിൽ ഒരു പ്രയോജനവും ഇല്ല

## യോഹന്നാൻ 15:13

“സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല.”

നമ്മെ രക്ഷിക്കാനായി യേശു തന്റെ ജീവനെ നൽകി എന്ന് ഇതിൽ നിന്നും വ്യക്തമാണ്. അവൻ മരണത്തെ സ്വയം ഏറ്റെടുത്തു: എന്തിന് വേണ്ടി ഇത് ചെയ്തു, നമ്മൾ ഓരോരുത്തർക്കും വേണ്ടി, അതിനു കാരണം അവൻ ബാദ്ധ്യസ്ഥനായതുകൊണ്ടല്ല, മറിച്ചു നമ്മുടെ സ്നേഹത്തിനു വേണ്ടിയാണു അവിടുന്ന് അത് ചെയ്തതു. അവിടുത്തെ സ്നേഹം തീർച്ചയായും വലുതാണ്.

ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നേ. 1 കൊരിന്ത്യർ 13:13

ഇന്ന് നമുക്ക് ആ സ്നേഹം നമ്മുടെ സഹജീവികളോട് ഉണ്ടോ? യേശുവിന്റെ സമാനമായ ഹൃദയം ഇല്ലെങ്കിൽ അവിടുന്ന് നമ്മെ സ്നേഹിച്ചതു പോലെ നമുക്ക് ഈ ലോകത്തിൽ ആരെയും സ്നേഹിക്കുവാൻ സാധിക്കുകയില്ല. അവിടുന്ന് നമ്മോട് കല്പിച്ചതും അതാണ്. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുക. നമ്മുടെ സഹജീവികളോട് നാം എപ്രകാരമായിരിക്കണം, അവർ ആരായിരുന്നാലും സ്നേഹത്തിലും ഐക്യത്തിലും ആയിരിക്കുക എന്നതാണ് ആ കല്പനയുടെ അർത്ഥം. നമ്മുടെ ദൈനംദിന ജീവിതത്തിൽ ആ സ്നേഹം തിരിച്ചറിയാൻ സാധിക്കണം. അതിനാൽ യേശുവിന്റെ ഹൃദയം നമ്മിൽ രൂപപ്പെടേണ്ടത് ആവശ്യമാണ്.

തള്ളിപ്പറയാൻ ഇരുന്നവ്യക്തിയുടെയും, ഒറ്റികൊടുക്കുവാൻ ഇരുന്നവ്യക്തിയുടെയും, ഓടിപോകുവാൻ ഇരുന്നവ്യക്തിയുടെയും കാൽ പെസഹാ ദിനത്തിൽ കഴുകിയതു ആ സ്നേഹത്തിന്റെ ആഴം വെളിവാക്കുന്നു. ഈ ഭൂമിയിലെ ഏറ്റവും വലിയ പാപിയെപ്പോലും യേശു ഒരു സുഹൃത്തായി കാണുന്നു എന്ന് നാം മനസിലാക്കണം, അതുകൊണ്ടാണ് കാണാത് പോയ ഒന്നിന്റെ പുറകേ ബാക്കി 99 എണ്ണത്തിനെയും വിട്ടേച്ചു നാഥൻ പോയത്. തന്റെ മഹത്തായ സ്നേഹത്തിൽ നിന്നും ആരെയും ഒഴുവാക്കുന്നില്ല. പിന്നെ എന്താണ് നമ്മെ ദൈവത്തിൽ നിന്നും അകറ്റുന്നത്. ഒരു പക്ഷെ നാം ദൈവത്തിൽ നിന്നും അകലുന്നത് എന്തിനെന്നു ചോദിച്ചാൽ ദൈവം കഷ്ടതകൾ തരുന്നത് കൊണ്ടാണെന്നു പറയുന്നവർ ഉണ്ട്. എന്നാൽ അത് അങ്ങനെയല്ല. നമ്മുടെ ലക്ഷ്യം മനസിലാക്കാതെയാണ് മനുഷ്യൻ അങ്ങനെ പ്രതികരിക്കുന്നത്. നമ്മുടെ ലക്ഷ്യം ദൈവത്തിലായിരിക്കണം

ലക്ഷ്യത്തിൽ എത്തുന്നത് വരെ പല സഹനങ്ങളിലും പ്രയാസങ്ങളിലും കൂടി കടന്നു പോയി ഒരു കടൽ ആർത്തു ഇരമ്പുന്നത് പോലെ, ഇളകി മറിയുന്ന ഒരു നീണ്ട യാത്ര ഈ ലോകത്തിൽ നമുക്ക് നേരിടുന്നുണ്ടാകും, എന്നാൽ ലക്ഷ്യത്തിൽ എത്തിയാൽ എല്ലാം നിശബ്ദം ആകും. കഷ്ടതയിൽ കൂടി കടന്നു പോയ ഇയോബ് എന്താണ് വിളിച്ചു പറഞ്ഞത്? എന്റെ ദേഹം ക്ഷയിച്ചാലും ഞാൻ ദേഹ സഹിതനായി എന്റെ ദൈവത്തെ കാണുമെന്നു പ്രത്യാശയോടെ പറഞ്ഞു.

ഇതാണ് ഒരു ദൈവഭക്തനു വേണ്ടത്. കഷ്ടത വരുമ്പോൾ നിരാശപെട്ടു പോകാതെ പൂർണ്ണമായും ദൈവത്തിൽ ആശ്രയിച്ചു എല്ലാം ദൈവത്തിൽ സമർപ്പിച്ചു ദൈവത്തിൽ ഉറച്ചു വിശ്വസിച്ചു ജീവിപ്പാൻ സാധിക്കണം. പിന്നീട് ഇയോബിന്റെ ജീവിതത്തിൽ നാം കാണുന്ന ഒരു കാര്യം ഉണ്ട് തന്റെ ജീവിതത്തിന്റെ കഷ്ടതയെല്ലാം അവനു അനുഗ്രഹമായി തീരുന്നു. ജീവിതത്തിൽ നഷ്ടപ്പെട്ടതെല്ലാം ദൈവം ഒന്നും ചോദിക്കാതെ ഇരട്ടിയായി തിരിച്ചു നൽകുന്നു.

നമ്മുടെ ഈ ലോക ജീവിതത്തിൽ ദൈവത്തിലുള്ള പൂർണ്ണ ആശ്രയവും, പ്രത്യാശയും, കഷ്ടത വരുമ്പോൾ പിടിച്ചുനില്ക്കുവാനുള്ള ശക്തി നൽകും. പ്രയാസങ്ങളും, പ്രശനങ്ങളും, ബുധിമുട്ടുകളും വരുമ്പോൾ ദൈവത്തിൽ നിന്നും അകലാതെ ആത്മവിശ്വാസത്തോടെ ദൈവത്തെ സ്നേഹിക്കുന്നവർ അവിടുത്തെ വലിയ സന്തോഷവും, സമാധാനവും, ശാന്തതയും നേടും. ക്രിസ്തിയ സ്നേഹം മറ്റു എന്തിനേക്കാളും വിലപ്പെട്ടത് തന്നെയാണ്. നമുക്ക് ഒരു യോഗ്യതയുമില്ല അവിടുത്തെ സ്നേഹം പ്രാപിപ്പാൻ, ഏഴയാം ഈ കൊമ്പിനെ ഇനിയും തള്ളാതെ ഈ ലോകത്തിൽ നിലനിർത്തിയിട്ടുങ്കിൽ സ്വയം പ്രശംസിക്കാതെ ദൈവം ലോകത്തെ സ്നേഹിച്ചത് പോലെ നമുക്കും ഈ ലോകത്തെ, നമ്മുടെ സഹോദരി സഹോദരന്മാരെ സ്നേഹിപ്പാനും, സഹായിക്കുവാനും അവർക്കു വേണ്ടി പ്രാർത്ഥിപ്പാനും സാധിക്കണം. അവിടുന്ന് നേടിത്തന്ന ആ രക്ഷയുടെ അനുഭവം മറ്റുള്ളവരിലേക്കും പകർന്നു നൽകുവാനും സാധിക്കട്ടെ.

**പരാമർശം:**

**1 കൊരിന്ത്യർ 13:3**

എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്കു ഒരു പ്രയോജനവും ഇല്ല.

**ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 002**